## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3590 — 23.06.2014 ൽ മറുപടിയ്ക്ക്

### ചാലക്കുടിപ്പുഴയിൽ രൂപം കൊണ്ടിരിക്കുന്ന ഓക്സ്ബോ തടാകം സംരക്ഷിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | ചാലക്കുടി മണ്ഡലത്തിലെ കാട്ടുകുറ്റി പഞ്ചായത്തിലെ വൈന്തല ഭാഗത്ത് ചാലക്കുടിപ്പുഴയിൽ രൂപം കൊണ്ടിട്ടുള്ള ഓക്സബോ തടാകം സംരക്ഷിക്കുന്നതിനും, ജൈവവൈവിധ്യ ബോർഡിന്റെ കീഴിൽ 'പ്രകൃതി പൈതൃക ലിസ്റ്റിൽ' ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ചാലക്കുടി മണ്ഡലത്തിലെ കാട്ടുകുറ്റി പഞ്ചായത്തിലെ വൈന്തല ഭാഗത്ത് ചാലക്കുടിപ്പുഴയിൽ രൂപം കൊണ്ടിട്ടുള്ള തടാകം സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ദേശീയ ജൈവവൈവിധ്യ അതോറിറ്റി ചെയർമാന്റെ നിർദ്ദേശാനുസരണം നടത്തിയ പഠനത്തിൽ ഇത് ഓക്സ്ബോ തടാകമല്ല എന്നാണ് കണ്ടെത്തിയിട്ടുള്ളത്.<br>ഈ തടാകത്തിന്റെ സംരക്ഷണത്തിനുവേണ്ടി സ്വീകരിക്കേണ്ട പ്രാരംഭ നടപടികൾക്കായി കാടുകുറ്റി ജൈവവൈവിധ്യ പരിപാലന സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ തടാകത്തിന്റെ വടക്കേമുറി വില്ലേജിലെ ഭാഗങ്ങൾ സ്വകാര്യ വ്യക്തികൾ കൈയ്യേറ്റം ചെയ്തിരിക്കുന്നതായി അറിവ് കിട്ടിയതിൻ പ്രകാരം തൃശൂർ ജില്ല കളക്ടറോടും റവന്യൂ വകുപ്പിനോടും മേൽ വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കാൻ ജൈവവൈവിധ്യ ബോർഡ് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) | സർവ്വേ നടപടികൾ പൂർത്തീകരിച്ച് ഓക്സ്ബോ തടാകം സംരക്ഷിക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (ബി) | സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ